(എഫ്) കരാർ നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ജി) വിഴിഞ്ഞം ഇറമുഖം നിർമ്മാണം തുടങ്ങി നാല് വർഷത്തിനകം പൂർത്തിയാകും. പദ്ധതിയുടെ ഫിനാൻഷ്യൽ & ട്രാൻസാക്ഷൻ അഡ്വൈസർ, ഏണസ്റ്റ് & യംങ് തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 15% ഇക്വിറ്റി ഐ.ആർ.ആർ. (ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ) ലഭ്യമാക്കുന്നതിനായി 1664 കോടി രൂപ വി.ജി.എഫ്. ആവശ്യം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

വിഴിഞ്ഞം ഇറമുഖ പദ്ധതി

123 (127) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് ഏതെല്ലാം ഘട്ടങ്ങളിലായി ഏതെല്ലാം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) നിലവിൽ ഏതെല്ലാം ഏജൻസികളുടെ ഏതെല്ലാം സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്, ഓരോ ഏജൻസിയേയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമത്തിലൂടെയാണോ; നേരിട്ട് നിയോഗിക്കപ്പെട്ടവയുണ്ടെങ്കിൽ അവ ഏതൊക്കെയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന ഏതെല്ലാം ഏജൻസികളുടെ സേവനം പിന്നീട് അവസാനിപ്പിക്കുകയുണ്ടായി ; കാരണം എന്തായിരുന്നു ;

(ഡി) ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി ഏതെല്ലാം തീയതികളിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005-ലെയും 2007-ലെയും ടെണ്ടറിൽ ഐ.എൽ.&എഫ്.എസും പ്രോജക്ട് അഡ്വൈസറും ടെക്നിക്കൽ കൺസൽട്ടന്റുമായ എൽ & റ്റി റാംബോളും 2010-ലെ ടെണ്ടറിൽ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനും അവർവഴി വിപണി പഠനം നടത്തിയ ഡ്രൂറി, നിയമ ഉപദേശകരായ ടൈലീഗൽ, സാങ്കേതിക ഉപദേശകരായ റോയൽ ഹാസ്കോണിംഗ്സ്, പാരിസ്ഥിതിക ഏജൻസിയായ എൽ & റ്റി റാംബോൾ, സാമ്പത്തിക അഡ്വൈസറായ എസ്.ബി.ഐ. ക്യാപ്സ് എന്നീ ഏജൻസികളുടെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. 2013-ലെ ടെണ്ടറിൽ ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് & യംഗ്, ലീഗൽ അഡ്വൈസറായ എച്ച്.എസ്.എ. അഡ്വക്കേറ്റ്സ്, ടെക്നിക്കൽ അഡ്വൈസറായ എയ്കോം, പാരിസ്ഥിതിക ഏജൻസിയായ എൽ & റ്റി റാംബോൾ എന്നിവരുടെ സേവനങ്ങളും ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ താഴെപ്പറയുന്ന ഏജൻസികളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്:

1.	Ernst & Young	:	Transaction Advisor & Financial Consultant
2.	Hemant Sahai Associates	:	Legal Advisor
3.	AECOM	:	Technical Consultant
4.	L & T Ramboll	:	Environment Consultant

ഈ നാല് ഏജൻസികളെയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ്. നിലവിലുള്ള ഒരു ഏജൻസിയും നേരിട്ട് നിയോഗിക്കപ്പെട്ടവരല്ല. Ernst & Young-നെയും HSA Advocates-നെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പത്രത്തിൽ പരസ്യം ചെയ്താണ് തെരഞ്ഞെടുത്തത്.

(സി) ഈ സർക്കാർ നിലവിൽ വരുമ്പോൾ മുൻ സർക്കാർ നേരിട്ട് നിയമിച്ച ഐ.എഫ്.എസി.യും അവർവഴി വന്ന നിയമോപദേശകരായ Trilegal-ന്റെയും സാങ്കേതിക ഉപദേശകരായ Royal Hasokoning-ന്റെയും സേവനം ഉണ്ടായിരുന്നു. അവർ പ്രവർത്തിച്ചിരുന്ന 2010-ലെ ടെണ്ടർ റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിൽ അവരുടെ സേവനം അവസാനിക്കുകയാണുണ്ടായത്.

(ഡി) ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട തീയതി ചുവടെ ചേർക്കുന്നു:

1.	Ernst & Young	:	13-1-2014
2.	Hemant Sahai Associates	:	13-1-2014
3.	AECOM	:	27-9-2012
4.	L & T Ramboll	:	17-6-2010

(AECOM-നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ഈ സർക്കാരിന്റെകാലത്ത് കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു) കഴിഞ്ഞ സർക്കാരിന്റെകാലത്ത് തെരഞ്ഞെടുക്കപ്പെട്ട L&T Ramboll-ന്റെ സേവനം നിലനിർത്തി.

LIBRARY ARCHIVES Kerala Legislative Assembly